"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. വി.സി./27374/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി. 10/03/2020
ഫോൺ: 0471-2303107

പരിപത്രം

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - വിജിലൻസ് സെൽ- വകുപ്പ് മേധാവി മുഖേനയല്ലാതെ വകുപ്പ്തല ജീവനക്കാർ സർക്കാരിലേക്ക് നിവേദനങ്ങൾ സമർപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്.

സൂചന: 30/10/2019 തീയതിയിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ പി1/40346/2018/കോ.വി.വ നമ്പർ കുറിപ്പ്.

*****

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പല സ്ഥാപനങ്ങളിലേയും അദ്ധ്യാപക ജീവനക്കാരും അനദ്ധ്യാപക ജീവനക്കാരും, കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടും ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ടും സർവ്വീസ് സംബന്ധമായ വിവരങ്ങളുമായി ബന്ധപ്പെട്ടും നിരവധി നിവേദനങ്ങളും അപേക്ഷകളും ബഹുമാനപ്പെട്ട: മുഖ്യമന്ത്രിയ്ക്കും ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രിക്കും ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്കും നേരിട്ട് അയയ്ക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരിട്ട് അയയ്ക്കുന്ന അപേക്ഷ കളിന്മേൽ / നിവേദനങ്ങളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് തേടുമ്പോൾ മാത്രമാണ് വകുപ്പ് മേധാവി മേൽ വിഷയങ്ങൾ അറിയുന്നത്. ആയതിനാൽ തന്നെ സമയബന്ധിതമായി ഇത്തരം അപേക്ഷകൾക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സെക്ഷനുകളിൽ വളരെയധികം പ്രയാസങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. കൂടാതെ ഓഫീസുകളിലെ / കോളേജുകളിലെ പൊതുവിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് (തസ്തിക അനുവദിക്കൽ, കോഴ്സ് അനുവദിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ / ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ) വ്യക്തിപരമായി

സർക്കാരിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതും ഉചിതമല്ല. ഇതു കേരള ഗവൺമെന്റ് servents conduct Rules ലെ ചട്ടം - 94 ന്റെ ലംഘനമാണ്.

ആയതിനാൽ മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് നേരിട്ട് അപേക്ഷ / നിവേദനങ്ങൾ സമർപ്പിക്കുന്നത് പൂർണ്ണമായും ഒഴിവാക്കി പകരം വകുപ്പ് മേധാവി മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ജീവനക്കാർക്കും നൽകുന്നു. കോളേജുകളിൽ നടക്കുന്ന പൊതു പരിപാടിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മന്ത്രിമാരോ പങ്കെടുക്കുന്ന വേളയിൽ നിവേദനങ്ങൾ സമർപ്പിക്കുന്നുണ്ടെങ്കിൽ പ്രസ്തുത നിവേദനങ്ങളുടെ പകർപ്പ് വകുപ്പ് മേധാവിക്ക് കൂടി ലഭ്യമാക്കേണ്ടതാണെന്നും അറിയിക്കുന്നു.

ഒപ്പ്/-
വി. വിഗ്നേശ്വരി ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസഡയറക്ടർ

പകർപ്പ്
1). എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2). എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
3). C.A- ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4). പ്ലാനിംഗ് / ബഡ്ജറ്റ് സെക്ഷൻ
5). നടപ്പ് ഫയൽ / കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്. കെ. 12/03/2020

GOVERNMENT OF KERALA